പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 875 — 07.02.2013-ൽ മറുപടിയ്ക്ക്

## മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന്റെ പ്രാരംഭനടപടിയായി പദ്ധതി പ്രദേശത്തെ പരിസ്ഥിതി ആഘാത പഠനം (EIA Study) നടത്തേണ്ടതായിട്ടുണ്ട്. പ്രസ്തുത പഠനം നടത്തുന്നതിനു കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി (NOC) ആവശ്യമായതിനാൽ NOC-ക്കുള്ള അപേക്ഷ വനം വകുപ്പിന് സമർപ്പിച്ചു. സംസ്ഥാന വന്യജീവി ബോർഡ് (SBWL) പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള അനുമതിക്കായി ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ പ്രസ്തുത പ്രൊപ്പോസൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കേന്ദ്ര വന്യജീവി ബോർഡ് (NBWL)-ന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതും കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും എൻ.ഒ.സി കിട്ടിക്കഴിഞ്ഞാൽ ഇ.ഐ.എ. പഠനം നടത്തുന്നതുമാണ്. ഇ.ഐ.എ പഠനത്തിന്റെ വെളിച്ചത്തിൽ പെരിയാർ ടൈഗർ റിസർവ്വ് (PTR)-ൽ ആവശ്യമുള്ള സ്ഥലം (ഡാം നിർമ്മാണത്തിനു വേണ്ടി) ട്രാൻസ്ഫർ ചെയ്തു കിട്ടുന്നതിന് കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിൽ അപേക്ഷ സമർപ്പിക്കുന്നതും ബാക്കി നിയമപരമായ അനുമതികളെല്ലാം (Statutory Clearance) ലഭ്യമായി കഴിഞ്ഞാൽ സ്ഥലം കൈമാറ്റം ചെയ്തു കിട്ടുന്നതനുസരിച്ച് ദർഘാസ് ക്ഷണിച്ച് നിർമ്മാണം തുടങ്ങുന്നതുമാണ്. പുതിയ ഡാമിന്റെ മാതൃകാ പഠനം, ഡൈനമിക് അനാലിസിസ് എന്നിവ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

| | | |
|---|---|---|
| (ബി) സുപ്രീം കോടതിയുടെ പരിസ്ഥിതി സംബന്ധമായ മേൽനോട്ട സമിതിയുടെ അംഗീകാരം നേടിയെടുക്കാൻ സംസ്ഥാന മുല്ലപ്പെരിയാർ സെൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | സുപ്രീം കോടതിയുടെ പരിസ്ഥിതി സംബന്ധമായ മേൽനോട്ട സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി സമർപ്പിക്കാനുള്ള അപേക്ഷയുടെ കരട് മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ സുപ്രീം കോടതിയിലെ കേരളത്തിന്റെ സ്റ്റാന്റിംഗ് കൗൺസിലിന്റെ കൂടി സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. അത് എത്രയും പെട്ടെന്ന് കോടതിയിൽ ഫയൽ ചെയ്യുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) പരിസ്ഥിതി ആഘാത പഠനത്തിന് കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിനു വേണ്ടി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള എൻ.ഒ.സി ആവശ്യമായതിനാൽ എൻ.ഒ.സി-ക്കുള്ള അപേക്ഷ വനം വകുപ്പിന് സമർപ്പിച്ചു. സംസ്ഥാന വന്യജീവി ബോർഡ് (SBWL) പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള അനുമതിക്കായി ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ പ്രസ്തുത പ്രൊപ്പോസൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കേന്ദ്ര വന്യജീവി ബോർഡ് (NBWL)-ന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.<br><br>പരിസ്ഥിതി ആഘാതപഠനത്തിനു വേണ്ടിയുള്ള Terms of Reference (ToR)-ന്റെ അനുമതിക്കായി അവ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചുകഴിഞ്ഞു |

**സെക്ഷൻ ഓഫീസർ**